# ജി.എച്ച്.എച്ച്,എസ് മുണ്ടേരി




## ഡിജിറ്റൽ മാഗസിൻ

# കുന്നിമണികൾ

റവന്യൂ ജില്ല

കണ്ണൂർ

ഉപജില്ല

കണ്ണൂർ നോർത്ത്

സ്ഥലം

കാഞ്ഞിരോട്

# ആശംസ



വിവര സാങ്കേതികവിദ്യയുടെ അത്ഭുത ലോകത്താണ് നാം ജീവിക്കുന്നത്. മനുഷ്യരാശിയുടെ ദ്രുതഗതിയിലുള്ള വളർച്ച സാധ്യമാക്കിയത് ഇലക്ട്രോണിക്ക് രംഗത്തെ കണ്ടുപിടുത്തങ്ങളാണ്. മനുഷ്യമസ്തിഷ്കത്തേക്കാൾ പതിന്മടങ്ങ് വേഗതയും കൃത്യതയും ഉള്ള പല ആധുനിക യന്ത്രോപകരണങ്ങളും  ഇന്ന് പ്രാബല്യത്തിൽ വന്നിരിക്കുന്നു. ആകാശഗോളങ്ങളിലേക്കും,സൂര്യനിലേക്കും വരെ സഞ്ചരിക്കാനും പ്രപഞ്ചസത്യങ്ങൾ തേടാനും നാം ഇന്ന് പ്രാപ്തരാണ്. ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് എന്ന നൂതന സാങ്കേതികവിദ്യയിലൂടെ നാം സൃഷ്ടിച്ചെടുത്ത ലോകം വിശേഷണങ്ങൾക്ക് അപ്പുറമാണ്.സാങ്കേതികതകളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ ശാസ്ത്രബോധവും പ്രക്രിയാശേഷിയും സാമൂഹ്യബോധവുമുള്ള പൗരൻമാരായി അഥവാ നല്ല മനുഷ്യരായി വാർത്തെടുക്കാനുള്ള ശ്രമമാണ് ഇത്.വിവരസാങ്കേതികവിദ്യയുടെ ഈ നവലോകത്ത് മുണ്ടേരി ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ”കുന്നിമണികൾ” എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

കെ. പി. സുധീർ<br>
ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

കെ. പി. സുധീർ (ഹെഡ് മാസ്റ്റർ)

എഡിറ്റർ

അർജുൻ കെ.

അസോസിയേറ്റ് എഡിറ്റർ

മുഹമ്മദ് ഇർഫാൻ ടി. എം.

അംഗങ്ങൾ

ദേവാംഗ് .വി.
മുഹമ്മദ് ഫയാസ്
ഹംദ സബീഹ്
നീഹാര ചന്ദ്രബാബു
ഐശ്വര്യ വി
ദീപ്ഷിക
അഷ്മിത കെ. പി.
ആയിഷ സിയ വി
റിഫ ഫാത്തിമ
ദേവനന്ദ എം പി
നിഹാര എ
ശ്വേത കെ പി
കൃഷ്ണപ്രിയ പി

മുഖചിത്രം

യാദവ് എം

ഉപദേശകസമിതി

സിന്ധു എം വി
ധർമ്മജ എം
ശ്രീജേഷ് സി
കെ ഷാബു

# താളുകളിലൂടെ..............

1 ചരിത്രം.................................................................. 5
2 2022 25 ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ ........... 8
3 കഥ – അവൾ ......................................................... 10
4 കവിത– ഓർമ്മയുടെ സാഗരം........................ 13
5 കഥ– പ്രതീക്ഷയുടെ ആ രാത്രി......................... 15
6 കവിത– ആകാശവും പ്രകൃതിയും..................... 18
7 കഥ– ഉപ്പുമാവ്................................................... 19
8 കവിത– കണക്കിലെ കളി............................... 21
9 കഥ– ഒരു തെയ്യക്കോതി................................. 22
10 കവിത– ഓർമ്മകളിതാ മാടിവിളിക്കുന്നു ...... 24
11 ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ.......................... 26
12 കവിത–കുന്നിമണികൾ........................................ 27
13 Artifical Intelligence........................................ 29
14 കവിത – അടച്ചുറ്റൽ....................................... 31
15കവിത– അത്രമേൽ........................................ 32
16 ലേഖനം–സൂര്യനെ ലക്ഷ്യമാക്കുമ്പോൾ...... 33
17 Did you know.................................................. 35
18 സൺ ഹാലോ.................................................... 36
19 जीवन और तकनीकी............................................... 37
20 കഥ– എഴുത്തിലാണ് ബലം............................... 38
21 വർണ്ണ വിസ്മയം................................................ 41
22 സന്നദ്ധ സംഘടനകൾ........................................ 46
23 സ്പോർട്സ്........................................................ 53
24 ഫോട്ടോ– ലിറ്റിൽ കൈറ്റ്സ് 2021–24....... 55




# മുണ്ടേരി ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ

## ചരിത്രം

1981 അന്നത്തെ മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ ശ്രീ .കേളൻമാസ്റ്ററുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായി 51 കുട്ടികളെ ഉൾപ്പെടുത്തി രണ്ടു മുറിയിൽ ആദ്യത്തെ ക്ലാസ് എട്ടാം തരം ആരംഭിച്ചു .സർക്കാരിൽനിന്ന് ലഭിച്ച കണ്ണൂർ മട്ടന്നൂർ റോഡിനടുത്ത് കാഞ്ഞിരോട് സബ്സ്റ്റേഷൻ പരിസരത്താണ് സ്കൂൾ ആരംഭിച്ചത് .തുടർന്ന് നാട്ടുകാരും കാഞ്ഞിരോട് മുസ്ലിം ജമാ -അത്തു കമ്മറ്റിയും ചേർന്ന് അഞ്ച് മുറി ക്ലാസ്സ് കെട്ടിടം നിർമ്മിച്ചു. തുടർന്ന് എം പി മാർ എം എൽ എ മാർ ജില്ലാ ബ്ലോക് ഗ്രാമ പഞ്ചായത്ത് എന്നിവരുടെ ഫണ്ടിൽനിന്ന് മുണ്ടേരിഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിച്ചു. 2017 മെയ് 19 ന് ബഹു . കേരള മുഖ്യ മന്ത്രി ശ്രീ പിണറായി വിജയൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യത്നം സ്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു .തുടർന്ന് സ്കൂൾ വികസനത്തിന് വേണ്ടി രാജ്യസഭാ എം പി ആയിരുന്ന ശ്രീ കെ കെ രാഗേഷിന്റെ നേതൃത്വത്തിൽ സ്കൂളിന്റെ

അക്കാദമികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി നാട്ടുകാരുടെയുംജനപ്രതിനിധികളുടെയും നേതൃത്വത്തിൽ മുദ്ര കമ്മിറ്റി രൂപീകരിച്ചു.45 കോടി രൂപയുടെ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളിന്റെ ഭൗതിക വികസനം ഏതാണ്ട് പൂർണതയിലേക്ക് അടുക്കുകയാണ് . 28 ക്ലാസ് മുറികൾ അത്യാധുനിക നിലയിൽ ഫർണിഷ്ചെയ്ത് കഴിഞ്ഞു .പഠന വിഭവങ്ങൾ കുട്ടികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കാനുള്ള interactive flat pannel കൾ എല്ലാ ക്ളാസ്സുകളിലും സ്ഥാപിച്ചു .കുട്ടികൾക്ക് ഇരിക്കുന്നതിന് മേശ ,കസേര ഇവ ഒരുക്കി 10000 തിലധികം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന നവീകരിച്ച ലൈബ്രറി വായനാമുറികൾ ഡിജിറ്റൽ ലൈബ്രറി അത്യന്താധുനിക നിലവാരത്തിലുള്ള H S , H S S ലാബ് സമുച്ചയങ്ങൾ അഡ്വാൻസ് ലാബ് ,പ്ലാനറ്റോറിയം 1000 പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം,മികച്ച ഭക്ഷണശാല ,ആംഫി തിയേറ്റർ ,ജൈവവൈവിധ്യ ഉദ്യാനം ,ആധുനികഗ്രൗണ്ട് ഇൻഡോർ ഔട്ട്ഡോർ കോർട്ടുകൾ ,സ്പോർട്സ് ഫെസിലിറ്റി സെന്റർ തുടങ്ങിയവ നിർമ്മിക്കപ്പെട്ടുവരുന്നു.പൊതുമേഖലാ സ്ഥാപനങ്ങളുടെ M P ,M L A ഫണ്ടുകൾ എന്നിവയുടെ സംയോജനത്തിനു പുറമെ മുണ്ടേരി

പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളുടെയും നിർലോഭമായ സാമ്പത്തിക സഹായത്തോടെയുമാണ് മുദ്രപദ്ധതിയുടെ വിഭവ സമാഹരണം സാധ്യമായിട്ടുള്ളത്.

Power Finance Corporation ,R E C Lmitted, NTPC Lmitted NHPC Lmitted ,GAIL India Lmitted ,ONGC, POWERGRID ,NMDC ,HPCL

Lmitted ,COAL INDIA Lmitted ,SJVM ,IOC Lmitted ,COCHIN SHIPYARD ,BPCL ,HPCL ,ONGC ,SAIL ,Container Corporation തുടങ്ങിയ ഇന്ത്യയിലെ പ്രമുഖ പൊതുമേഖലാസ്ഥാപനങ്ങൾ അവരുടെ CSR ഫണ്ടുകൾ സ്കൂളിന്റെ വികസനത്തിനായി അനുവദിച്ചു .ഭൗതിക പുരോഗതിയോടൊപ്പം അക്കാദമിക ശാക്തീകരണത്തിനായുള്ള പദ്ധതികൾക്കും തുടക്കമിട്ടു.

little KITEs

# MEMBERs

## GOVT. HIGHER SECONDRY SCHOOL, MUNDERI

# LITTLE KITE Cadets 2022-25

1) Arjun K
2) Riza T.M
3) Fathimathul Nooha.B.K
4) Nasiha.T.P
5) Rumana.V.C
6) Hamda Sabeeh
7) Zenha
8) Ayisha Marzia
9) Muhammed Ridwan .M.M
10) Neehara Chandrababu
11) Muhammed Raswin.V.K
12) Fathimathul Hiba C.K
13) Aiswarya Vazhayil
14) Hazique Habeeb
15) Devang V
16) Shadin Muhsin P

17) Deepshika
18) Ashmitha
19) Harithraj P
20) Fathima .P
21) Muhammed Irfan T M
22) Aysha Ziya .V
23) Rifa Fathima .K
24) Muhammed Fayas.M
25) Devananda M.P
26) Muhammed Rizil.M.M
27) Anas .M.M
28) Abhishek.K
29) Nihara.A
30) Swetha K.P
31) Krishnapriya.P
32) Saihan Saiyeed
33) Muhammed Nafih.K
34) Muhammed Surfas.K.K
35) Yadhav.M

# അവൾ...........

കുത്തനെ ഒഴുകുന്ന അരുവി ആ വെള്ളാരം കണ്ണുകളിൽ നിന്നും ആയിരുന്നു.മുന്നിൽ ആകട്ടെ പ്രതിബിംബം പോലെ ഒരു കുഞ്ഞരുവിയും.അവൾ ഒരു കുഞ്ഞു ബെഞ്ചിൽ ഇരുന്നു.ചോര കൊണ്ടു നിറഞ്ഞ വെള്ളത്തിന്റെ നടുവിൽ ഒരു വെളുത്ത റോസാപ്പൂവ്.അങ്ങനെയായിരുന്നു അവളുടെ കണ്ണുകളെ അരുവിക്ക് കാണാൻ സാധിച്ചത്.കൂടെ ഒരാൾ ഉണ്ടായിരുന്നെങ്കിലും, എന്ന് അവൾ ചിന്തിച്ചിട്ട് കാലങ്ങൾ ഒരുപാടായി.ഒഴിവാക്കപ്പെട്ട കുഞ്ഞു കിടാവിനെ പോലെ അവൾ അവിടെ ഇരുന്നു. മരണത്തെ മാടി വിളിച്ചു കൊണ്ട്.ഭയമായിരുന്നു അവൾക്ക് . പക്ഷേ ഇന്ന് മരണത്തെ ആഗ്രഹിച്ചവൾ ജീവിക്കുകയാണ്. ജീവനില്ലാത്ത ജീവിയായി. സ്വന്തമാണെന്ന് പറയാനോ, സ്നേഹിക്കാനോ അവൾക്കുണ്ടായിരുന്നു, ഒരുപാടുപേർ. കപടമായിരുന്നു എല്ലാം.

ജുവാന, വെള്ളാരം കണ്ണുകാരി. എല്ലാവരുടെയും പ്രിയപ്പെട്ട കുട്ടി. നിഷ്കളങ്കമായ മനസ്സുകൊണ്ട് അവൾ ഒന്നിനെയും നോവിച്ചിട്ടില്ല. പുഞ്ചിരി കൊണ്ട് എല്ലാവരെയും അവൾ കണ്ടു വളർന്നു. വലുതാകാനുള്ള ആഗ്രഹമായിരുന്നു അവൾക്ക്. പക്ഷേ കാലം അവൾക്ക് വച്ചത് മറ്റൊന്നായിരുന്നു.

തന്റെ പത്താം പിറന്നാളിന് സ്വന്തം ആവശ്യപ്രകാരം വാശിപിടിച്ച് അവൾ അമ്മയോടും അച്ഛനോടും ഏട്ടനോടും തനിക്കൊരു മുയലിനെ വാങ്ങിത്തരാൻ ആവശ്യപ്പെട്ടു. അവർ അതിനായി യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു കാർ അപകടം ഉണ്ടാക്കി. അച്ഛനും അമ്മയും ആ അപകടത്തിൽ മരണപ്പെടുകയുണ്ടായി. ചേട്ടൻ മാത്രം രക്ഷപ്പെട്ടു. ഇനി അങ്ങോട്ട് അവൾക്ക് ദുഃഖരാവുകളായിരുന്നു. തന്റെ ചേട്ടൻ തന്നെ കുറ്റപ്പെടുത്താൻ തുടങ്ങി. സമൂഹവും.

എല്ലാത്തിനും കാരണം അവളാണ് . ആ പെണ്ണ്. ഇതായിരുന്നു അവൾ അങ്ങോട്ട് കേൾക്കാൻ തുടങ്ങിയത് .മടുത്തു. ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ അവൾക്കിനി സാധിക്കില്ല. അവസാനമായി അവളെ ഏട്ടനെ വിളിച്ചു. 13 വർഷമായി അവൾ ഏട്ടനെ കണ്ടിട്ട്. വെറുപ്പ് മാത്രമായിരിക്കും എന്ന് അവൾ പിന്നീട് മനസ്സിലാക്കി. കുഞ്ഞു പ്രായമായിരുന്നില്ലേ. ഒന്നു വേണമെന്ന് വെച്ചിട്ടില്ലല്ലോ. ഏട്ടൻ കോൾ എടുത്തു. 13 വർഷത്തിനിടെ ആദ്യമായി. അവൾക്ക് ഒന്നും പറയാൻ സാധിച്ചില്ല. നിശ്ചലമായിരുന്നു. ഏട്ടനും ഒന്നും പറഞ്ഞില്ല. ഏട്ടൻ്റെ കരച്ചിൽ മാത്രം അവൾ കേട്ടു. എന്ത് അർത്ഥത്തിലാണെന്ന് അവൾക്ക് മനസ്സിലായില്ല. ക്ഷമ ചോദിക്കണം, എല്ലാത്തിനും എന്നായിരുന്നു ചേട്ടനെ മനസ്സിൽ. അവസാനം അവൻ പറഞ്ഞു ഞാൻ വരുന്നുണ്ടെന്ന്. എല്ലാം അനുഭവിച്ചിട്ടില്ലതായ ഭയം അവളുടെ രക്തത്തിലൂടെ കേറി പിടിക്കുകയാണ്. ഭയം. അത് വീണ്ടും അവൾക്ക് അനുഭവപ്പെട്ടു. ഒരു ആശയമായി മരണം മാത്രം മുന്നിൽ. കുത്തനെ ഒഴുകുന്ന അരുവിയിലേക്ക് അവൾ നോക്കി പുഞ്ചിരിച്ചു അരിവിയോട്ടു ചോദിച്ചു.'ഞാൻ നിൻ്റേതാകട്ടെ?'.

അവൾക്ക് താൻ വിട വാങ്ങുന്ന കാര്യം എല്ലാവരേയും അറിയിക്കണമെന്നുണ്ടായിരുന്നു. കുങ്കുമമായി ഒഴുകുന്ന അരുവിയെ അവൾ ചുകപ്പാക്കി. അവൾ അരുവിയുടേതു മാത്രമായിരിക്കുന്നു.

ആൾക്കാർ കൂടിയിരിക്കുന്നു. കൂടെ ഏട്ടനും. അരുവിയില തെളിവെള്ളം ചുവപ്പായിരിക്കുന്നു. അവളുടെ ശരീരം പുറത്തെടുത്തു. മഹാസങ്കടം ആയിരുന്നു അവന്. അതിലേറെ കുറ്റബോധവും. അനുജത്തിയുടെ കൂടെ പോകണമെന്നുണ്ട്. പക്ഷേ അതിന് അവൻ അർഹതയില്ലയെന്ന് അവന് അറിയാം. അവൻ അവളുടെ അടുത്തേക്ക് ചെന്നു. അവളെ കയ്യിൽ എടുത്തു. മാപ്പാക്കണം..... എന്നു മാത്രമായിരുന്നു അവന് മൊഴിയാൻ സാധിച്ചത്. കൂടെ നിൽക്കണം എന്നായിരുന്നു എന്ന് അവൻ മനസ്സിലാക്കാൻ ഒരുപാട് വൈകി. അതിൻ്റെ പ്രതിഫലം ലഭിക്കുകയും ചെയ്തു. തുളസിത്തളത്തിൽ നിന്ന് തുളസി പറിച്ച് അവളുടെ മുടിയിൽ വെച്ച് തൻ്റെ കൈപിടിച്ച്

അമ്പലക്കുളത്തിലേക്ക് പോയി. അവിടെ ഇരുന്നു അവൾ പറയുമായിരുന്നു. ഒരു ദിവസം ഇത് പോലുള്ള അരുവി മുഴുവനും ഞാൻ ചുവന്ന റോസാപ്പൂ കൊണ്ട് നിറയ്ക്കും. അവൾ പുഞ്ചിരിയോ-ട് കൂടി അവനെ നോക്കി. അവളുടെ ആഗ്രഹമായിരുന്നു അത്. ആഗ്രഹം നിറവേറ്റി അവളും അങ്ങ് പോയി. കുത്തൊഴുക്കിൽ പൊ-ലിഞ്ഞുപോയി. അവളും അവളുടെ മറ്റ് ആഗ്രഹങ്ങളും. പലരും അരു-വി മലിനമായെന്നു പറഞ്ഞു. ഒരു പുതിയ അരുവി അവന്റെ കണ്ണു-കളിൽ നിന്നും പൊട്ടിയൊഴുകാൻ തുടങ്ങി. ഒരു പുതിയ അരുവി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇനി അവസാനം വരെ അതിനൊരു അവസാനം ഉണ്ടാകില്ല. അവനും ആ കുത്തൊഴുക്കിൽ പെട്ടിരി-ക്കുന്നു. കുറ്റബോധം നിറഞ്ഞൊഴുക്കിൽ അവൻ അങ്ങനെ ഒഴു-കുകയാണ്.......

# ഓർമ്മയുടെ സാഗരം

കോലങ്ങളുടെ കടലുകളും കാലങ്ങളും താണ്ടി
ഇന്നീ നാട്ടിൽ ഒതുങ്ങുമ്പോൾ
എൻ രൂപവും, ആകൃതിയും
എല്ലാമേ മാറി.
വേഷപ്പകർച്ചകളും,
കാലത്തിന്നതീതമായ എൻ സഞ്ചാരവും
എന്നെ മാറ്റത്തിനു വിധേയനാക്കി.
കണ്ട രൂപങ്ങളും,
കേട്ട സ്വരങ്ങളും,
അറിഞ്ഞ സ്പർശനവും
മറവിയുടെ മടിയിലേക്ക്,
കാലമാവുന്ന കൈകൾ മാറ്റി.
ഞാനാരാണ് ?
എവിടെയാണ് ?
ഈ ചിന്തകൾ,
എന്നിലൂടെ കടന്നു പോയി.
എൻ ഹൃദയത്തെ ഓരോ നിമിഷവും
തുടിക്കാൻ പ്രേരിപ്പിച്ച
അവളുടെ ഓർമ്മകൾ,
ഒരു മിന്നൽ പോലെ
എന്നിലൂടെ കടന്നുപോയി.

അവളുടെ സാന്ത്വനിപ്പിക്കുന്ന ഓർമ്മകൾ
എന്നിൽ മായാതെ കിടന്നു
ആരാണവൾ ?
എൻ കാതുകൾ,
അവളുടെ മധുരമായ സ്വരം
കേൾക്കാൻ കൊതിക്കുന്നു.
ഓർമ്മയുടെ അടിത്തട്ടിൽ
ഞാൻ സൂക്ഷിച്ചതാരെയാണ് ?
ഓർമ്മയുടെ ഏകാന്തതയിൽ
ഞാൻ സൂക്ഷിച്ച സ്നേഹിത
ആരാണ് ?

ദിയ ലക്ഷ്മി
10 D

# പ്രതീക്ഷയുടെ ആ രാത്രി........

ഇരുട്ടിന്റെ ലോകം, അവളുടെ മനസ്സിൽ സന്തോഷത്തിന്റെ നാളുകൾ ഒന്നും തന്നെ ഇല്ല. ആത്മാർത്ഥമായി അവൾ ഒന്ന് ചിരിച്ചിട്ട് തന്നെ കാലം ഒരുപാടായി. അവളുടെ ജീവിതത്തിൽ ആത്മാർത്ഥമായി സ്നേഹിച്ചവരൊന്നും ഇന്ന് അവളുടെ കൂടെയില്ല. അവരാരും മരിച്ചിട്ട് അല്ലെങ്കിൽ ദൂരത്ത് എങ്ങോട്ടോ പോയിട്ട് ഒന്നുമല്ല. അവളുടെ തൊട്ടടുത്തുണ്ടായിട്ടും അവർക്ക് അവളെ ഓർമ്മ പോലുമില്ല.

ജീവിതത്തിൽ ഒന്നും ശാശ്വതമല്ല. എല്ലാം നമ്മളെ വിട്ടു പോകും. എന്നാൽ ഓർമ്മകൾ ഒന്നും മാഞ്ഞു പോവുകയില്ല. പക്ഷേ അവളുടെ ജീവിതത്തിൽ ഓർക്കാൻ വേണ്ടി ഒന്നും തന്നെ ഇല്ല. അവൾ ഈ ഭൂമിയിലേക്ക് വന്നപ്പോൾ ആർക്കും സന്തോഷിക്കാൻ കഴിഞ്ഞില്ല. അവളുടെ മാതാപിതാക്കൾ പോലും വെറും അവളുടെ മാതാപിതാക്കൾ പോലും വെറുപ്പോടെ അവളെ നോക്കുന്നു. അവൾ വളരുംതോറും അവരുടെ കുടുംബത്തിന് നാശമാണ് എന്ന് അവളുടെ മാതാപിതാക്കൾ വിശ്വസിച്ചു. ചെറിയ കുഞ്ഞിനോട് ഒരുതരത്തിലുള്ള സ്നേഹപ്രകടനങ്ങളും കാട്ടാതെ വെറുപ്പോടെ അവളെ നോക്കുകയും ഇല്ലാതെ കാര്യത്തിൽ അവളെ കുറ്റപ്പെടുത്തുകയും ചെയ്തു. ചെറിയ പ്രായത്തിൽ തന്നെ അവൾ ഒറ്റപ്പെട്ടിരുന്നു. സ്വന്തക്കാരോ ബന്ധുക്കളോ ഒന്നുമില്ലാഞ്ഞിട്ടല്ല അവൾ ഒറ്റപ്പെട്ടത്. എന്നാൽ അവരുടെ അന്ധവിശ്വാസം കാരണം അവൾ ഒറ്റയ്ക്കായി. ആരോരുമില്ലാത്ത അനാഥരായ കുട്ടികളെ സ്നേഹിക്കാൻ ഈ സമൂഹത്തിൽ മനുഷ്യരുണ്ട്. പക്ഷേ എല്ലാവരും ഉള്ള എല്ലാ സൗകര്യങ്ങളും ഉള്ള അവളെ സ്നേഹിക്കാൻ വേണ്ടി ആരും തന്നെയി-

ല്ല. ആരുടെയും സ്നേഹം അനുഭവിക്കാതെ ഒറ്റപ്പെടലിന്റെ വഴിയിലൂടെ അവൾ അവളുടെ ജീവിതം  തള്ളിനീക്കുന്നു.
ഒരു രാത്രി, എന്നത്തേയും പോലെ അവൾ സങ്കടത്തോടെ ജനാലയുടെ കമ്പിയിൽ പിടിച്ചുനിന്നു വിങ്ങിക്കരയുകയായിരുന്നു. പെട്ടെന്നാണ് ജനാലയുടെ അപ്പുറത്ത് ആരോ നിൽക്കുന്നതായി അവൾക്ക് തോന്നി. ആദ്യം അവൾ അത് നിസ്സാരമാക്കിയെങ്കിലും പിന്നീട് അവളുടെ എന്തോ ഒരു പ്രതീക്ഷയുടെ വെളിച്ചം. ഇരുട്ടു മൂടിക്കിടന്ന് അവളുടെ ആ കുഞ്ഞു മനസ്സിലേക്ക് ഒരു ചെറിയ പ്രകാശം കടന്നുവന്നു. ആ ഒരു ചെറിയ പ്രതീക്ഷയിൽ അവൾ ജനാല തുറന്നു. പുറത്തുനിന്ന് ആ മനുഷ്യന്റെ രൂപം കണ്ട് അവൾ ഞെട്ടി വിറച്ചു. അയാളുടെ വസ്ത്രമാകെ ചോരയിൽ മുങ്ങി കുളിച്ചിരുന്നു. എന്തും ചെയ്യാൻ ധൈര്യമുണ്ട് എന്ന നിലയിൽ ആയിരുന്നു അയാളുടെ മുഖഭാവം. പേടിച്ചു വിറച്ച് അവൾ കൈകൾ മരവിക്കുന്നതുപോലെ അവൾക്ക് തോന്നി. അവൾ ബോധം കെട്ട് തറയിലേക്ക് വീണു. അവൾ വീണപ്പോൾ അവളുടെ കൈയിലെ കുപ്പിവളകൾ ജനാലയ്ക്ക് തട്ടി ശബ്ദം ഉണ്ടായി. ആ ശബ്ദം കേട്ട് അയാൾ ഞെട്ടിക്കൊണ്ട് തിരിഞ്ഞ് നോക്കി. തന്നെ കണ്ടിട്ടാണ് അവളുടെ ബോധം പോയതെന്ന് അയാൾക്ക് ഉറപ്പായി. എങ്ങനെയെങ്കിലും അവളെ എഴുന്നേൽപ്പിക്കാൻ അയാൾ ശ്രമിച്ചു.
ജനാലയുടെ പുറത്തുനിന്ന് അയാൾ അവളുടെ മുഖത്തേക്ക് വെള്ളം തെളിച്ചു. എന്നിട്ടൊന്നും അവൾക്ക് അനക്കം ഉണ്ടായിരുന്നില്ല. കുറച്ചുസമയം അയാൾ കാത്തു നിന്നു. പെട്ടെന്ന് പതിയെ പതിയെ അവൾ എഴുന്നേറ്റു. അവളുടെ കണ്ണിലെ ഭയം അയാൾ മനസ്സിലാക്കി. അവൾ ജനാല അടക്കാൻ പോയപ്പോൾ അയാളത് തടഞ്ഞു. അയാൾ ആരാണെന്നും വസ്ത്രത്തിലെ രക്ത പാടുകൾ എന്താണെന്നൊന്നും അവൾ ചോദിച്ചില്ല. പക്ഷേ അയാൾ എല്ലാ കാര്യങ്ങളും അവളോട് തുറന്നു പറഞ്ഞു. അയാൾക്ക് ഒരു അനുജത്തി ഉണ്ടായിരുന്നു. അവളുടെ അതേ പ്രായമുള്ള ഒരു സുന്ദരിയായ അനിയത്തിക്കുട്ടി. ആ അനിയത്തിയെ ഏതോ ഒരുത്തൻ

പിച്ചി ചീന്തിക്കളഞ്ഞു. അയാളുടെ അനിയത്തിയെ ക്രൂരമായി മർ-ദ്ദിച്ചു കൊന്നുകളഞ്ഞു. തൻറെ അനിയത്തിയെ നശിപ്പിച്ചവനെ കൊന്നിട്ട് വരികയാണെന്ന് അയാൾ പറഞ്ഞപ്പോൾ അവളുടെ മനസ്സിൽ ഒരു ചെറിയ ഭയം തോന്നി. അവളോട് അയാൾ വളരെ സ്നേഹത്തോടെയും ബഹുമാനത്തോടെയും ചോദിച്ചു. എനിക്ക് നഷ്ട-പ്പെട്ടുപോയ എന്റെ കുഞ്ഞനുജത്തിയുടെ സ്ഥാനത്ത് ഞാൻ നി-ന്നെ കണ്ടോട്ടെ. ജീവിതത്തിൽ അവളെ സ്നേഹിക്കാൻ ആരും ഉണ്ടായിരുന്നില്ല എന്ന് അവളുടെ തോന്നൽ ഒരു പൊട്ടത്തരമാ-യി അവൾക്ക് തോന്നി. തന്നെ സ്നേഹിക്കാൻ വേണ്ടി അയാൾ-ക്കെങ്കിലും ഉണ്ടെന്നുള്ള പ്രതീക്ഷയിൽ അവൾ പുറത്തേക്ക് നടക്കുമ്പോൾ ആരോ അവളെ വിളിക്കുന്നതായി അവൾക്ക് തോ-ന്നി. അവളെ ഉറക്കിൽ നിന്ന് അമ്മ വിളിക്കുകയായിരുന്നു. താൻ ഇത്രയും സമയവും കണ്ടത് ഒരു സ്വപ്നമാണെന്ന് അവൾ തിരിച്ച-റിഞ്ഞു. പക്ഷേ അവൾ അതോർത്ത് സങ്കടപ്പെട്ടിരുന്നില്ല. സ്വപ്ന-ത്തിലെങ്കിലും തന്നെ സ്നേഹിക്കാൻ ആരെങ്കിലും ഒക്കെയുണ്ടല്ലോ എന്ന് ഒരു പ്രതീക്ഷയോടെ അവൾ നിന്നു...

# കവിത

## ആകാശവും പ്രകൃതിയും

പ്രഭാതത്തിൽ വെളിച്ചം പകരാനെത്തുന്ന സൂര്യൻ
തൊടികളിൽ നിന്നാടിയുലയുന്ന മരങ്ങൾ
ആകാശം മുട്ടെ തെങ്ങോലകൾ നൃത്തംചവിട്ടുന്നു
കാറ്റിൽ ആടിക്കളിക്കുന്ന പൂക്കളും
ഇത്തിരി തേൻ നുകരാനായി–
പാറിപ്പറക്കുന്ന പുള്ളി ശലഭങ്ങൾ
മധുരഗാനമാലപിക്കും കുയിലുകൾ
കലപില കൂട്ടും കിളികളും
തുള്ളി തുള്ളിയായ് പെയ്തൊഴുകുന്ന
മഴയെന്തു ഭംഗി
സപ്ത വർണങ്ങളാൽ വാനിൽ
മിന്നിമറയുന്ന മാരിവില്ലുകൾ
രജനിയിൽ ഒരു വെട്ടമായി വന്നെത്തും തിങ്കളും
വാനിൽ മിന്നി തിളങ്ങും താരങ്ങളും
പഞ്ഞികെട്ടുകൾ പോലെ ചിരിക്കും മേഘങ്ങളും
ആകാശ നീലയിൽ ചീറിപ്പായും വിമാനവും
അതിരില്ലാ വാനിലൂടെ പറപറക്കും പക്ഷികളും
മർത്യനെ പേടിച്ച് ശിരസ്സുയർത്തി നിൽക്കാൻ ഭയക്കും മരങ്ങളും
മർത്യക്രൂരതയേറ്റു വാങ്ങും ധരണിയും

അവന്തിക എൻ
8th B

# കഥ

## ഉപ്പുമാവ്..

ആ ഗ്രാമത്തിൽ വീടുകളേക്കാൾ കൂടുതൽ കടകൾ ആയിരുന്നു. അവിടെ ഒരു കുടിൽ പതിവിനേക്കാൾ ഏറെ വെയിലിനെ പുണർന്നു നിന്നു. ആ കുടിലിൽ നിന്ന് അപ്പുണ്ണി സ്കൂളിലേക്ക് പുറപ്പെടാൻ ഒരുങ്ങി. അവിടവിടെ കീറിയ ട്രൗസറും നിറം മങ്ങിയ ഷർട്ടും എടുത്തിട്ടു. അങ്ങനെയുള്ള കുപ്പായം ധരിക്കുന്നത് അവനെ അലോസരപ്പെടുത്തിയതേയില്ല. പണ്ടും ഒന്നും അവനെ അലോസരപ്പെടുത്തിയിരുന്നില്ല.

അന്ന് ജീവിതം സാമാന്യം നല്ല രീതിയിൽ ആയിരുന്നു. അച്ഛന് ഒരു കടയുണ്ടായിരുന്നു. അവനെ ചോദിക്കുന്നതൊക്കെയും കിട്ടിയിരുന്നു. അങ്ങനെ ആരെയും ഉപദ്രവിക്കാതെ ജീവിക്കുന്നതിനിടയിൽ ആയിരുന്നു ഒരു സമരം പൊട്ടിപ്പുറപ്പെടുന്നത്. അച്ഛന്റെ കട സമരക്കാർ തല്ലിപ്പൊളിച്ചു. എതിർത്ത അച്ഛനെ അവർ........

ങാ....... ഇനി അതൊക്കെ ഓർത്തിട്ട് എന്ത് കാര്യം?

തുരുമ്പ് പിടിക്കാൻ തുടങ്ങിയ പെട്ടിയിൽ കുറ്റി പെൻസിലുകളും പുസ്തകങ്ങളും വാരിയിട്ട് അവൻ പുറപ്പെട്ടു."എടാ മോനെ കുറച്ചു ഉപ്പുമാവ് കൊണ്ടരണേടാ.... അച്ഛന്റെ ശബ്ദമാണ്....... സാധാരണ ഇത് കേട്ടാൽ അമ്മ അവരെ വഴക്ക് പറയും. പക്ഷേ ഇന്ന് അമ്മ മുകളിലേക്ക്  നോക്കിയിരുന്നു..... കടുത്ത വാതമാണ് അമ്മക്ക് . അതുകൊണ്ട് പണിക്കും കൃത്യമായി പോകാൻ കഴിയുന്നില്ല.

വേഗം ഇറങ്ങി....... നല്ല വെയിലുണ്ട്.... സ്കൂളിലെത്തി. ക്ലാസ് മാഷ് കുറുപ്പ് മാഷാണ്–അച്ഛന്റെ വലിയ കൂട്ടുകാരൻ. പിന്നെ , ലീല ടീച്ചറും, ലേഖ ടീച്ചറും, ഒക്കെ ക്ലാസ് എടുത്തു. പക്ഷേ...... അവന്റെ മനസ്സ് മറ്റെവിടെയോ ആയിരുന്നു. പതിവില്ലാതെ ചിന്തകളുടെ ഒഴുക്ക് അവനെ നല്ലപോലെ ബാധിച്ചിട്ടുണ്ട്.

ബെല്ലടിച്ചു....... പൊട്ടിയ പാത്രവും എടുത്ത് കഞ്ഞിപ്പുരക്കടുത്ത് നട-ന്നു. നസീർ മാഷ്..... അവന്റെ അച്ഛന്റെ പഴയ ശത്രു.... അവനെ കണ്ട പാടെ.ങ്ഹ! എന്താ എന്ന് ചോദിച്ചു. അവൻ ഉപ്പുമാവിന വേണ്ടി പാത്രം നീട്ടി.

"ഷ്ഷ.... ഇന്നലെ പറഞ്ഞതല്ലേ... ഒന്നും തരില്ലാന്ന്.... എന്നിട്ട് ഇര-ക്കാൻ ബന്നിന്..... പോടാ"അവൻ തലതാഴ്ത്തി നടന്നു എങ്ങോ-ട്ടെന്നറിയാതെ അവന്റെ. ചിന്തകളെ പോലെ മാനം ഇരുണ്ടു മൂടി. ആകാശവും കരയാൻ തുടങ്ങി . അവന്റെ കണ്ണീരും മഴയും ഇണ-ചേർന്നു. അവനെ ആശ്വസിപ്പിക്കാൻ എന്ന് പോലെ അവന്റെ കവിൾത്തടം തഴുകി അവൻ മഴയെ കൂട്ടുകാരൻ എന്നപോലെ പി-ന്നെയും മുന്നോട്ട് നടന്നു.......

അജയ് കെ അരവിന്ദ്

# കവിത

## കണക്കിലെ കളി

കണക്ക് നോക്കി  കണ്ണ്  കടഞ്ഞു
കഴുത്തിൽ വേദന വന്നു തുടങ്ങി
കുട്ടി കിഴിച്ചു കൈവിരലു കുഴഞ്ഞു
കൈ എത്തും ദൂരത്താ
കഴിവുകൾ വേണം കണക്കിൻ കളിയിൽ
കണ്ണൊന്നു പിഴച്ചാൽ കാര്യം കഷ്ടം
കണക്കിലെ കളികൾ പലതാണ്
കണ്ടുനിന്നാൽ കൗതുകമാ
കാര്യം ഇത്തിരി ഗൗരവമാ
കണക്കു പിഴച്ചാൽ കൈ വിട്ടു
കാര്യം നേടാൻ കണക്കുണ്ട്
കൈവിട്ടു പോയാൽ നേടില്ല
കാലം തന്നൊരു കണക്കല്ലെ
കണക്കിനെ നമ്മൾ പഠിക്കേണ്ടെ
കഴിവും കുറവും നോക്കേണ്ടേ
കണക്കിൽ മണ്ടെ പുകകേണം
കാറ്റും മഴയും കണ്ടെത്താൻ
കണക്കിനെ കൂട്ടുപിടിക്കുന്നു
കാലുകൾ കൈകൾ തിരിച്ചാലും
കണക്കിലെ കളികൾ നമ്മൾ കണ്ടെത്തും....

# കഥ

## ഒരു തെയ്യക്കൊതി

കേവലം 10 വയസ്സ് മാത്രം പ്രായമുള്ള ഒരു ബാലകൻ പേര് ചന്തു, താമസം മലപ്പുറം ജില്ല. അങ്ങനെയിരിക്കെ അവന്റെ ക്ലാസ്സിലേക്ക് ഒരു പുതിയ കുട്ടി വന്നു. അവന്റെ പേര് കുട്ടൻ എന്നാണ്. താമസം കണ്ണൂരായിരുന്നു. അച്ഛന്റെ ജോലി പ്രമാണിച്ചാണ് കുട്ടനും അമ്മയും മലപ്പുറത്തേക്ക് വന്നത്. കുട്ടനും ചന്തുവും വളരെ പെട്ടെന്നുതന്നെ ചങ്ങാതിമാരായി. കുട്ടൻ ചന്തുവിനോട് കണ്ണൂരിനെ കുറിച്ചൊക്കെ പറയുന്ന കൂട്ടത്തിലാണ് തെയ്യം എന്ന അനുഷ്ഠാന കലയെ കുറിച്ച് പറയാനിടയായത്. അവന് അതിനെ പറ്റി കേൾക്കാൻ നല്ല താൽപര്യമുണ്ടായിരുന്നു. അങ്ങനെയിരിക്കെ മലയാളം ടീച്ചർ പറഞ്ഞു നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കലാരൂപത്തെ പറ്റി ഒരു കുറിപ്പ് തയ്യാറാക്കി കൊണ്ടുവരാൻ. പിറ്റേന്ന് രാവിലെ മലയാളം ടീച്ചർ ക്ലാസ്സിൽ വന്നു. ഇന്നലത്തെ ഗ്രഹപാഠം എഴുതിയോ? കുട്ടികൾ എല്ലാവരും ആ എന്ന് ഒരേ സ്വരത്തിൽ മൂളി. ടീച്ചർ പറഞ്ഞു കുട്ടൻ വായിക്കൂ, ഞാൻ തെയ്യത്തെ കുറിച്ചാണ് എഴുതിയിരിക്കുന്നത്. വടക്കൻ മലബാറിലെ ഒരു അനുഷ്ഠാന കലയാണ് തെയ്യം. പ്രത്യേകിച്ച് കണ്ണൂർ ജില്ല, ഈ ജില്ലയെ പറ്റി പറയുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ പറ്റില്ല. കണ്ണൂരുകാരുടെ സ്വന്തം മുത്തപ്പന്റെ പ്രസിദ്ധമായ ക്ഷേത്രം പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം. ഇതൊക്കെ കേട്ടപ്പോൾ ചന്തുവിന് കൂടുതലാവേശമായി. കുട്ടന്റെ കുറിപ്പ് അങ്ങനെ നീണ്ടുപോയി. ചന്തുവിന്റെ മനസ്സിൽ തെയ്യത്തെ കാണണമെന്നുള്ള ആഗ്രഹം വളർന്നുവന്നു. ഇത് അച്ഛനോടും അമ്മയോടും സൂചിപ്പിച്ചു. ചന്തുവിന്റെ ആഗ്രഹം സാധിച്ചു കൊടുക്കണമെന്ന് അവന്റെ അച്ഛനും അമ്മയും തീരുമാനിച്ചു. അടുത്ത വർഷം തെയ്യക്കാലത്ത് കണ്ണൂരിൽ പോ–

കണമെന്നും കുറച്ച ദിവസം അവിടെ താമസിച്ച് എല്ലാം കാണണമെന്നും അവർ ചന്തുവിനോട് പറഞ്ഞു. ഇത് കേട്ട് ചന്തു സന്തോഷവാനായി.

Avanthika N
VIII B

# ഓർമ്മകളിതാ മാടിവിളിക്കുന്നു

അകലെ സൂര്യകിരണങ്ങൾ
ഉദിച്ചുയരുമ്പോൾ
പ്രഭാതത്തിൽ പാതിവിർന്ന
താമരപ്പൂവായ് ഞാൻ
ഉമ്മറത്തിരുന്നപ്പോൾ
ഇന്നലകളിലെ ഓർമ്മകളിതാ
എന്നെ മാടിവിളിക്കുന്നു.
കയറിച്ചെല്ലാൻ ഞാൻ മടിച്ചിരുന്നപ്പോൾ
ഏകാന്തതയും ശൂന്യതയും
തിടുക്കത്തിൽ തുറന്നിതാ
ഓർമ്മതൻ വാതിലുകൾ
ഉൾതാളുകളിലേക്ക് ഞാൻ
ഇറങ്ങിച്ചെന്നപ്പോൾ
അറിയാതെ കണ്ണുനീർ
ഒഴുകിയിതാ
എൻ കവിളുകൾ തുടുത്തിരുന്നു .
ഓർമ്മയുടെ ഓളക്കത്തിലേക്ക്
ഞാൻ വീണപ്പോൾ
മധുരസ്മരണകൾ എനിക്കു
സമ്മാനിച്ച
ആ നല്ല നാളുകൾ ഞാൻ
ഓർത്തുകൊള്ളുന്നു.
തിരിച്ചുകിട്ടില്ലെന്നറിഞ്ഞിട്ടും
ഇതാ ഈ അനർഘനിമിഷത്തിൽ

എൻ മനം വെമ്പൽകൊള്ളുന്നു.
അപ്പോഴതാ എൻ ഓർമ്മതൻ
വാതിലുകൾ
പതിയെ അടയുന്നു
എനിക്ക് പ്രവേശനമില്ലാ
എന്ന മട്ടിൽ............

ജുമാന സി.കെ
10 B

# കവിത

## ഓർമച്ചെപ്പ് തുറക്കുമ്പോൾ

വഴിവക്കിലൊരൊറ്റ മരം പോലെ
ചില്ലകളിൽ പച്ചപ്പ് തളിർക്കുമൊരു
കുളിർമഴയായി കാത്തു
മനസ്സിൻെറയുള്ളിൽ തുറന്നുവച്ച
ഓർമ്മയുടെ ജാലകം
ചിരകാലമായി ചിതറിത്തെറിച്ച
ചിന്തകൾക്കിടയിലൂടെ പൊള്ളുന്ന
ഓർമ്മക്കൂട്ടിനുള്ളിൽ വരച്ചു ചേർത്ത
ചായക്കൂട്ടിനുള്ളിൽ തിരിയുന്ന
ഓരോ മുഖങ്ങൾക്കിടയിലും
പറയാനുണ്ട് ഒരായിരം നോവിൻെറ
കഥകൾ....
പറഞ്ഞു തീരാത്ത
വാക്കുകളിലൊളിപ്പിച്ച
നൊമ്പരങ്ങൾക്കിടയിലുടെ
മൗനത്തിൻെറ
വാല്മീകത്തിലൊളിപ്പിച്ചു
അഗ്നിച്ചൂടേറ്റ  ചിറകു തളർന്നു
പോകുമ്പോൾ ഉത്തരം
കിട്ടാത്ത ചോദ്യം പോലെ..
നിൽക്കുന്നു
ഞാനൊറ്റമരമായി...

– കൃഷ്ണപ്രിയ.പി 9B

# കവിത

## കുന്നിമണികൾ...

ബാല്യത്തിലെ
മധ്യവേനലവധി
സ്മരണകൾക്കിപ്പൊഴും
ഇടവഴികളിൽ
ചിതറിക്കിടക്കുന്ന
മഞ്ചാടിമണികളുടെ
തുടുപ്പാണ്..
കുന്നിമണികളുടെ
കണ്ണെഴുത്താണ് ..
കാട്ടുമുല്ലമൊട്ടുകൾ
കൊണ്ടുള്ള
പൂ ച്ചൂടലുകളാണ്
നാട്ടുമാങ്ങയുടെ
ചാറൊഴുകലാണ്
കരിനീലിച്ചു
പഴുത്തു വീണ
ഞാവൽപ്പഴത്തിന്റെയും
മൾബറിയുടെയും
മധുരമുള്ള
ചവർപ്പാണ്....
പുളിമരത്തിന്റെ
ഉയർന്ന കൊമ്പിൽ
അതമ്പ് വള്ളി കൊണ്ട്
കെട്ടിയ
ഊഞ്ഞാലാട്ടങ്ങളുടെ
ആളലുകളാണ്

അതിരുകളില്ലാത്ത
ആനന്ദത്തിന്റെ
സ്വാതന്ത്ര്യത്തിന്റെ
അനന്തവിഹായസ്സുകളാണ്...

സുമ പ്രമോദ്
(അധ്യാപിക ജി.എച്ച്.എസ്.എസ് മുണ്ടേരി)

# Artificial Intelligence

Artificial Intelligence (AI), the ability of a digital computer or computer controlled robot to perform tasks commonly associated with intelligent being. Artificial Intelligence was founded as an academic discipline in 1956. The traditional goals of AI research include reasoning, knowledge representation, planning, learning, natural language processing, precipitation and support for robotics. General intelligence the ability to solve an arbitrary problem is among the fields long-term goals. To solve these problems, AI researches have adopted and integrated a wide range of problem solving techniques, including search and mathematical optimization formal logic. Artificial neural networks, and methods based on statistics, operation research and economics.

AI can automate work flow and processes or work independently and autonomously from a human team. For example, AI can help automate aspects of cybersecurity by continuously monitoring and analysing network traffic. Artificial Intelligence can eliminate manual errors in data processing, analytics, assembly i n manufacturing and other tasks through automation and algorithms.

AI can process more information more quickly than a human. Finding patterns and discovering relationship in data that a human may miss. The ability to ana-

lyse vast amounts of data quickly can lead to accelerated breakthroughs in research and development. For instance AI has been used in predictive modelling of potential new pharmaceutical treatments, or to quantify the human genome.

Artificial intelligence is based on the principal that human intelligence can be define in a way that a machine can easily mime it and execute tasks. From the most simple to those that are even more complex. The next level of AI would be artificial super intelligence (ASI), in which the machine would be able to function in all ways superior to a human.

# കവിത

## അടച്ചൂറ്റൽ

ചോറ് വാർക്കുമ്പോൾ
തിളയ്ക്കുന്ന വെള്ളത്തെ
മെല്ലെ മെല്ലെ
കഞ്ഞിക്കലത്തിലേക്ക് വീഴ്ത്താൻ
അമ്മ വയ്ക്കുന്ന
മരത്തിന്റെ അടച്ചൂറ്റിയെ
നോക്കി നിന്നിട്ടുണ്ട്.
കലത്തിന്റ വക്കുചുറ്റി
കൈക്കലത്തുണി പിടിക്കുമ്പോഴും
അടച്ചൂറ്റിമേൽ വിരൽ മാത്രം.
ആദ്യശ്രമത്തിൽ
അടച്ചൂറ്റി കവിഞ്ഞ്
എന്റെ പത്തു വിരലും
പൊള്ളിയിട്ടുണ്ട്.
ഇന്ന് കൈയിൽ
പലതരം അടച്ചൂറ്റികളുണ്ട്.
വെന്തതൊന്നും
തൂവാതെ,
തെറിക്കാതെ,
പൊള്ളാതെ,
പൊള്ളിക്കാതെ
അടച്ചൂറ്റാനെനിക്കറിയാം

–വിലാസിനി.ടി.വി
(അധ്യാപിക,ജി.എച്ച്.എസ്.മുണ്ടേരി)

# അത്രമേൽ

നെല്ലുകുത്തുമ്പോൾ
അമ്മയുടെ
തൊണ്ടയിൽ നിന്നുതിരുന്ന
ഒരു സംഗീതമുണ്ട്
അത്രയ്ക്ക സുന്ദരമായ
ഒരു കവിത
പിന്നീടിന്നേവരെ
ഞാൻ കേട്ടില്ല.
പിന്നിൽ
അമ്മയുടെ
കാൽമുട്ടുകളോട്
കവിൾ ചേർത്ത്
മുറുകെ പിടിച്ച്
ആ താളത്തിനൊത്ത്
ആടിയൊരാട്ടമുണ്ട്.
അത്രയ്ക്ക് സുഖകമായൊരാട്ടം
സ്വപ്നത്തിൽ പോലും
ഇതേവരെ
ആടിയിട്ടുമില്ല.

VILASINI T V
GHSS MUNDERI

# സൂര്യൻ ലക്ഷ്യമാകുമ്പോൾ....

ഭൂമിയിൽ നിന്ന് 15 കോടി കിലോമീറ്റർ അപ്പുറത്തുള്ള സൂര്യൻ ശാസ്ത്രലോകത്തിന്റെ വലിയ പഠന വിഷയമാണ്. തൊണ്ണൂറു-കൾക്ക് ശേഷം ലോകബഹിരാകാശ ഏജൻസികൾ സൗരപ-ഠന ഗവേഷണ ദൗത്യങ്ങൾക്ക് മുന്തിയ പരിഗണനയാണ് നൽകുന്നത്. സൂര്യനിൽ നടക്കുന്ന മാറ്റങ്ങൾ ഭാവിയിൽ ഭൂമി-യെയും മാനവരാശിയെയും മറ്റ് ജീവജാലങ്ങളേയും എങ്ങനെ ബാധിക്കുമെന്ന് മുൻ കൂട്ടി അറിയുകയാണ് ലക്ഷ്യം. സൗരയൂ-ഥത്തിന്റെ കേന്ദ്രമായ സൂര്യനെ പറ്റി പഠിക്കാൻ ആദിത്യ എൽ 1 യാത്ര പുറപ്പെട്ടു കഴിഞ്ഞു. ഐ.എസ്. ആർ ഒ യുടെ ദീർഘ-കാലത്തെ ഗവേഷണങ്ങൾക്കൊടുവിലാണ് ഇത്തരത്തിലുള്ള ഒരു പേടകം വിക്ഷേപണ സജ്ജമായത്. ഭൂമിക്ക് ഏറ്റവും അടു-ത്ത നക്ഷത്രവും സൗരയൂഥത്തിലെ ഏറ്റവും വലിയ വസ്തുവും സൂര്യൻ തന്നെ. സൂര്യന്റെ പ്രായം ഏകദേശം 4.5 ബില്യൺ വർ-ഷങ്ങളാണ്. സൂര്യന്റെ ഗുരുത്വാകർഷണ ബലമാണ് സൗര-യൂഥത്തിലെ എല്ലാ വസ്തുക്കളെയും ഒരുമിച്ച് നിർത്തുന്നത്. ദൗമകാന്തിക മണ്ഡലം സൂര്യനിൽ നിന്ന് പലതരം വികിരണ-ങ്ങളെ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കടക്കുന്നത് തടയുന്നു-ണ്ട്. അതുകൊണ്ട് ഭൂമിയിൽ സ്ഥാപിക്കുന്ന ഉപകരണങ്ങൾ ഉപയോഗിച്ച്  സൂര്യനെ കറിച്ച് സൂക്ഷ്മമായി പഠിക്കാൻ സാ-ധിക്കില്ല. ഇവിടെയാണ് സൂര്യപര്യവേക്ഷണ ഉപഗ്രഹങ്ങളുടെ പ്രസക്തി .

ഇന്ത്യയുടെ ആദ്യ സൗരനിരീക്ഷണ ദൗത്യമായ ആദിത്യ എൽ 1 പേടകം സൂര്യനെ കുറിച്ചുള്ള ശാസ്ത്രീയ വിവരങ്ങൾ ശേഖരി-ക്കാൻ തുടങ്ങിയിരിക്കുന്നു. 2023 സെപ്റ്റംബർ രണ്ടിനാണ് സൂര്യപഠനത്തിനുള്ള ആദിത്യ എൽ 1 പേടകം ആന്ധ്ര ശ്രീഹ-രിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് പി-

.എസ് എൽ.വി 57റോക്കറ്റിൽ വിജയകരമായി വിക്ഷേപിച്ചത്. നാല് മാസം കൊണ്ട് 15 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ഭൂമി- ക്കും സൂര്യനും മാധ്യയുള്ള ലഗ്രാഞ്ചിയൻ 1 പോയിന്റിൽ ( എൽ 1 പോയിന്റ് ) പേടകം എത്തും. ഈ പോയിന്റിൽവച്ചാണ് ആദി- ത്യ പേടകം സൂര്യനെ നിരീക്ഷിക്കുക . സൗരവാതങ്ങൾ, സൂര്യ- നിലെ കാലാവസ്ഥ, സൗരോപരിതല ദ്രവ്യ ഉത്സർജനം, കാന്തിക മണ്ഡലം തുടങ്ങിയവ സമഗ്രമായി പഠിക്കുകയാണ് ലക്ഷ്യം.

ഗീതു പ്രദീപ്
IX D

# Did You Know ?

Did you know that sunflowers are just not pretty faces.They are often planted to clean up contaminated soil.Sunflower are known as phytoremediators,meaning they can absorb and accumalate heavy metals and toxins from the soil ,effectively detoxifying it.
These cheerful flowers not only brighten up gardens but also contribute to environmental clean up efforts !

Ziya Rahma
XF

# സൺ ഹാലോ

അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന ഐസ് പരലുകളുമായി കൂടിച്ചേരുന്ന സൂര്യനിൽ നിന്നും ഉണ്ടാവുന്ന പ്രകാശം കാരണം സംഭവിക്കുന്ന ഒപ്റ്റിക്കൽ പ്രതിഭാസങ്ങളെയാണ് – സൺഹാലോ എന്ന് പറയുന്നത്, ഇവ മഴവിൽ നിറത്തിലോ വെള്ള നിറത്തിലോ കാണപ്പെടുന്നുണ്ട്. ഇതിന് പലരൂപങ്ങൾ ഉണ്ടാവും ഇതിൽ പലതും സാധാരണമാണ്. മറ്റുള്ളവ അപൂർവ്വമായി മാത്രമേ കാണപ്പെടുന്നുള്ളൂ. ഹാലോസിന് കാരണമായ ഐസ് പരലുകൾ തണുത്ത കാലാവസ്ഥയിൽ നിലത്തിനടുത്ത് പൊങ്ങി കിടക്കുകയാണ് ചെയ്യുന്നത് . ഈ സമയത്ത് ഇവയെ ഡയമണ്ട് ഡസ്റ്റ് എന്നാണ് വിളിക്കുന്നത്. അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ അളവ് ക്രമാതീതമായി ഉയരുന്നതാണ് ഇത്തരം പ്രതിഭാസത്തിന്റെ പ്രധാന കാരണം.

ഐസ് പരലുകൾ പ്രകാശത്തെ പ്രതിഫലിപ്പിക്കുകയോ അല്ലെങ്കിൽ പ്രകാശത്തിൽ ഉണ്ടാകുന്ന മാറ്റത്തിന് അനുസരിച്ച് വിഭജിക്കപ്പെടുകയോ ചെയ്യുന്നു. ഇവ പ്രതലങ്ങൾക്ക് ഇടയിലൂടെ കടന്ന് പ്രതിഫലിക്കപ്പെട്ട് പ്രത്യേക ദിശങ്ങളിലേക്ക് എത്തുകയാണ് ചെയ്യുന്നത് . ഇതാണ് സൺഹാലോ എന്നറിയപ്പെടുന്നത് . സാധാരണ കാണപ്പെടുന്ന സൺഹാലോ എന്ന് പറയുന്നത് 22 ഡിഗ്രി ഹാലോ ആയിരിക്കും. എന്നാൽ മറ്റ് ഹാലോകൾ 46 ഡിഗ്രിയിലാണ് കാണപ്പെടുന്നത്. ഇവ പലപ്പോഴും പൂർണമായോ അപൂർണമായോ കാണപ്പെടുന്നു.

അക്ഷയ് എം.പി
XA

# जीवन और तकनीकी

तकनीक ओ तकनीक कहाँ तु हमको लेकर पहुँची
हम पहले जो अंजान था।
हम वहाँ तक जा पहुँचे
जो चाद था हम वहाँ तक जा पहुंचे
धरती को नाप लिया
मंगल का रहस्थ जाना
अंधविश्वास्थ को न माना
सचे को बाहर लापा
स्मार्ट फोन ने किया सबको स्मार्ट
इतिहास को मिहि मे मिलाया
तकनीक ओ तकनीक कहाँ तू ले पहुंची
एक समय हाथ मे अखबार था
तकनीक का जमाना आथा
अखबार भी कम हो गया
तकनीक ओ तकनीक कहाँ तु हमको ले पहुंची
तकनीक का दुरुपयोग न करे
इसका दुरुपयोग करके जीवन न गंवाये
विज्ञान का माध्यम धरती पर भरे
मानव को एक सुंदर उपहार बनाना है।

Anurag Satheeshan
XG

# കഥ

## എഴുത്തിലാണ് ബലം

എവിടെ നിന്നെങ്കിലും തുടങ്ങി എവിടെയെങ്കിലും വച്ച്  അവ-സാനിപ്പിച്ചാൽ അതിനെ എങ്ങനെ ഒരു ചെറുകഥ എന്ന വിളി-ക്കും ? രാവിലെ എഴുന്നേറ്റ് പുതിയ കഥ എഴുതാനെന്ന തയാറെടുപ്പിൽ പുസ്തകങ്ങൾക്ക് മുമ്പിൽ ഇരുന്ന രമേശിൻ്റെ | മനസ്സിലേക്ക് കടന്നെത്തിയ ചോദ്യമായിരുന്നു അത്. തൻ്റെ കഴിവുകൾ പല രീതിയിൽ പല ആവശ്യങ്ങൾക്കായി വിനിയോ-ഗപെട്ടു ത്തുന്നവർ ഉണ്ട്. ചിലർ മറ്റുള്ളവരിൽ നിന്നും പ്രശംസ ഏടു റ്റവാങ്ങാൻ. മറ്റ് മിലർ നീറുന്ന തൻ്റെ അനുഭവങ്ങളുടെ തെളിവുകൾ അവശേഷിഡിക്കാൻ, എന്നാൽ ഇന്ന് കൂടുതലാ-യും പണത്തെ ലക്ഷ്യവിടുന്നവരാണ് മുൻപന്തിയിൽ. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി ബന്യമായി വേറിട്ട് നിൽക്കാനാ-യിരുന്നു രമേഷിന് താൽപര്യം. പൊടുന്നനെ ചിന്തകളിൽ

നിന്നും തൊട്ടുണർത്താനായി ഒരു ഫോൺ കോൾ വന്നു. ഹലോ, രമേഷ് നീ എപ്പോൾ എവിടെയാണ് പേര് നോക്കാതെയാണ് ഫോൺ എടുത്തതെങ്കിലും രബ്ദം കേട്ടപ്പോൾ സുധാകരനാണ-തെന്ന തിരിച്ചറിവോടെ രമേഷ് മറുപടി പറഞ്ഞു.
വീട്ടിലുണ്ട്.  പറയൂ എന്താണ് കാര്യം?' കാര്യം ഞാൻ വിശദമാ-യി പറയാം, നീ വേഗം റെഡിയാകു.ഞാനിപ്പോൾ തന്നെ അവി-ടെ എത്തിച്ചേരാം'.

മറ്റൊന്നും പറയാതെ അയാൾ ഫോൺ കട്ട് ചെയ്തു. തന്റെ-ജോലി സംബന്ധമായ എന്തെങ്കിലും കാര്യമായിരിക്കും എന്ന് മനസ്സിൽ കൂട്ടിയ അയാൾ ഒരു ജേണലിസ്റ്റിൻ്റെ ചുറുചുറു ക്കോ-ടെ എടുത്ത് വച്ച വെള്ളക്കടലാസിൽ പേന വച്ച് അടച്ചുപൂട്ടി അവി-ടെ നിന്നും എഴുന്നേറ്റു. കുളിമുറിയിലേക്ക് കയറുന്നതിന് മുമ്പ്

തന്റെ ഏതെങ്കിലും ഒരു ഷർട്ട് ചെയ്ത് വെക്കാൻ സുമയോട് ആവശ്യപ്പെട്ടു. തിരക്കുകൂട്ടുമ്പോൾ അയാൾ ഇങ്ങനെയാണ്, ഒരു വർഷം മുമ്പ് അയാളെ ഏകാന്തതയോടൊപ്പം ചേർത്തു-വെച്ചുകൊണ്ട് ഈ ലോകത്ത് നിന്ന് പറയുന്നു പോയാ സുമ-യുടെ അസാന്നിധ്യം മറന്നുപോകും. പക്ഷേ അയാൾ അപ്പോൾ തന്നെ അത് വീണ്ടെടുക്കും. അന്ന് എന്തോ ഒരല്പം വൈകിയി-രുന്നു അതിനെ വീണ്ടെടുക്കാൻ. അപ്പോഴേക്കും പുറത്ത്.സു-ധാകരൻ എത്തിച്ചേർന്നിരുന്നു പൊടുന്നനെ അലമാരയിൽ നിന്നും ഒരു ഷർട്ട് എടുത്തിട്ട് തിടുക്കത്തിൽ വാതിൽ പൂട്ടി കൊ-ണ്ട് സുധാകരന്റെ കാറിൽ കയറി യാത്രക്കിടയിൽ രമേശിന്റെ മനസ്സിൽ എവിടെക്കാണ് നമ്മൾ പോകുന്നത് എന്ന ചോദ്യം സുധാകരന് മുന്നിൽ ഉന്നയിക്കാൻ പോകുന്നതിനു മുമ്പ് തന്നെ സുധാകരൻ അതിനുള്ള മറുപടി നൽകിയിരുന്നു.നീ ഒരല്പം ക്ഷമിക്കു ജോലി സംബന്ധമായിട്ടൊന്നുമല്ല എനിക്ക് നിന്നോ-ട് പേഴ്സണലായി കുറിച്ച് സംസാരിക്കാനുണ്ട് പിന്നെ കുറച്ചു ദൂരം പോയപ്പോൾ ഒരു ഒരു വിജനമായ പ്രദേശത്ത് അവൻ കാർ നിർത്തിവെച്ചു സൂര്യൻ ഉദിച്ചുവരുന്നതിന് മുമ്പായത് കൊ-ണ്ടാവാം നിശബ്ദത ആ പ്രദേശത്തെ വലയം ചെയ്തിരുന്നു ഒപ്പം അവരുടെ മൗനവും പ്രകൃതി ഇനിയും ഉണർന്നിട്ടില്ല എന്ന് ഒരു നേര്യമന്ദഹാസത്തോടെ രമേശ് ചിന്തിച്ചു സുധാകരന്റെ ശബ്ദം പ്രദേശത്തെ നിശബ്ദതയിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ചു-.നീ കഴിഞ്ഞ ആഴ്ച ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത കഥയില്ലേ അത് എന്നെ വല്ലാതെ അലട്ടുന്നുപൊടുന്നനെ രമേശിന്റെ മനസ്സിലേക്ക് അയാൾ എഴുതിയ ആ മിനിക്കഥ കടന്നുവന്നു. അതുവരെയും അയാൾ കഥ എഴുതിയത് ജേണൽ നിന്നും അദ്ദേ-ഹം പരിചയപ്പെട്ട വ്യക്തികളെ കുറിച്ചായിരുന്നു താൻ കണ്ടെ-ത്തിയ നിരീക്ഷണത്തെ കുറിച്ചായിരുന്നു എന്നാൽ അന്ന് ആദ്യമായി രമേശ് ജീവിതത്തെക്കുറിച്ച് എഴുതി. ജീവിതം എന്ന് പറയാൻ പറ്റില്ല ഒരാളെ കുറിച്ചുള്ള അന്വേഷണത്തിന് വേണ്ടി അവൻ രൂപകൽപ്പന ചെയ്തതായിരുന്നു അത്.ആത്മാർത്ഥ

സുഹൃത്തുക്കൾ ഇല്ലാത്തവരായി ആരും തന്നെ ഉണ്ടാവില്ല അതിൽ നിന്നും ഒരാൾ വല്ലാതെ മനസ്സിൽ കയറി കടന്നു കയ–റിയിട്ട് ഉണ്ടാകാം. പരിഷ്കരിച്ച് പറഞ്ഞാൽ ന്യൂജനറേഷൻ പറ–യും പോലെ ബെസ്റ്റ് ചങ്ക് എന്നൊക്കെ പക്ഷേ ഒരിക്കൽ പോലും അയാൾക്ക് നമ്മൾ അയാളുടെ മനസ്സിൽ എങ്ങനെയാണ് എന്ന് ചിന്തിച്ചിട്ടുണ്ടാവില്ല ഒരുപക്ഷേ നമ്മൾ സ്നേഹിക്കുന്നതി–നേക്കാൾ അവർ നമ്മെ സ്നേഹിക്കുന്നു ഉണ്ടാവാം അല്ലെങ്കിൽ കേവലം വാക്യങ്ങൾ അല്ലാതെ മറ്റൊന്നും കാര്യമായിട്ടുണ്ടാ–വില്ല ഇത് തിരിച്ചറിയാൻ അധികകാലം ഒന്നും വേണ്ട.വിഷയ–ത്തിൽ നിന്നും തെന്നിമാറി രമേശ് നേരിയ സഹതാപത്തോടെ സുധാകരന്റെ ചുമലിൽ കൈവച്ചു അവന്റെ കണ്ണുകൾ നിറ–ഞ്ഞൊഴുകിയിരുന്നു രമേശ് ചോദിക്കുന്നതിനു മുൻപേ അവൻ തുടർന്നും നീ പറഞ്ഞതിലെ ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ടു–ന്നതായിരുന്നു ഞാൻ നീ എന്റെ ചിന്തകളെ ഉണർത്തിയിരി–ക്കുന്നു എങ്ങനെ നന്ദി പറയണമെന്ന് അറിയില്ല ആ വാക്യം രമേശിന്റെ കഴിവിലുള്ള ആത്മവിശ്വാസം കൂട്ടി തുടർന്ന് സുധാ–കരൻ അവസാനമായി ഒന്ന് ചോദിച്ചു അതിന്റെ ബാക്കി എനി–ക്കറിയണം എന്നുണ്ട് വിരോധമില്ലെങ്കിൽ........ രമേശ് മടിയും കൂടാതെ തുറന്നു ഏകാന്തതയുടെ നീരൊഴുക്കിൽ നിന്നും എന്നെ കരയടുപ്പിച്ച് അവൻ ആയിരുന്നു കുറച്ചുകാലം അത് തുടർന്നു പോയി പിന്നീട് അവൻ  യോടൊപ്പം ശൂന്യതയും ആഞ്ഞടിക്കു–ന്ന തിരമാലകളുടെ സമുദ്രത്തിലേക്ക് എന്നെ ഒഴുക്കി വിട്ടു പക്ഷേ അന്ന് അവന്റെ അസാന്നിധ്യത്തെ കുറിച്ച് ഓർക്കാൻ സുമ–യുടെ കടന്നുകയറ്റം എന്ന് അനുവദിച്ചില്ല. എന്നാൽ ഇപ്പോൾ രണ്ടുപേരുടെയും അസാന്നിധ്യം എന്റെ ഏകാന്തതയുടെ ആക്കം കൂട്ടുന്നു എങ്കിലും ഞാൻ അതിൽ നിന്നും സ്വയം മോചിതനായി കൊണ്ടേയിരിക്കുന്നു എന്റെ എഴുത്തുകളും അവരുടെ ഓർമ്മ–യിലൂടെ സഞ്ചരിക്കുന്ന എന്റെ ഭാവനകളും. രണ്ടുപേരു.


വർണ്ണ
വിന്യാസം







**Meera P.N**







Jishna K,V











Shezin C











# Devananda T.V

# സന്നദ്ധ സംഘടനകൾ


















SOCIAL POLICING DIVISION
KANNUR CITY
CHILD FRIENDLY POLICE STAION
KANNUR TOWN















# എഡിറ്റർ






ഭാരത് സ്കൗട്ട് & ഗൈഡ്സ്
രാജ്യപുരസ്കാർ നേടിയവർ
മയൂഖ് കെ
രോഷിക് കെ
മുഹമ്മദ് മുർഷിദ് പി.വി
ആയുഷ് സി
ആദിദേവ് എം
അഥർവ്വ് എം
അനേക് കെ സന്തോഷ്
അർഷവിൻ




NO TO DRUGS
GHSS

# Sports






GHSS MUNDERI
INTRAMURAL FOOTBALL TOURNAMENT 2023-24


GHSS MUNDERI
INTRAMURAL FOOTBALL TOURNAMENT 2023-24

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2021–24

## 10th std Batch






OnePlus

# നന്ദി

കൂട്ടായ്മയുടെ ഒരു കലാസൃഷ്ടിയാണ്.
ഈ ഡിജിറ്റൽ മാഗസീന്റെ
പൂർത്തീകരണത്തിന്റെ പിന്നിൽ
സഹകരിച്ചവർ ഒരുപാടുപേരുണ്ട്...
ആരോടൊക്കെയാണ് നന്ദി പറയേണ്ടത്
പ്രതിഫലം കൂടാതെ സൃഷ്ടികൾ തന്ന് സഹായിച്ചവർ,
അധ്യാപകർ,കുട്ടികൾ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.....
പറഞ്ഞു പോകുമ്പോൾ
അവസാനിക്കാത്ത പേരുകളോടും
അവസാനിക്കാത്ത  കടപ്പാടുകളുമോടെ.........


Thank You!